ഉത്തരം

(എ) 105 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) നിലവിൽ 66 ഒഴിവുകൾ ഉണ്ട്. അതിൽ 26 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 43 ഒഴിവുകളിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്.

ഹിന്ദി കലോൽസവം സംഘടിപ്പിക്കാൻ നടപടി

346 [2405] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടി അറബിക്, സംസ്കൃത കലോൽസവങ്ങൾ സംഘടപ്പിക്കുന്നതുപോലെ ഹിന്ദി കലോൽസവങ്ങളും സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) രാഷ്ട്രഭാഷയായ ഹിന്ദിയിൽ പ്രസംഗിക്കുന്നതിനും, ലേഖനങ്ങളും കഥകളും, കവിതകളും എഴുതുന്നതിനും നാടകങ്ങൾ അഭിനയിക്കുന്നതിനുമുള്ള സ്കൂൾ വിദ്യാർത്ഥികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സ്കൂൾ യുവജനോൽസവത്തിലെ നിലവിലുള്ള മൽസര ഇനങ്ങൾ നടത്തുന്നതിന് തന്നെ ഇപ്പോൾ മതിയായ സമയം ലഭിക്കാറില്ല. അപ്പീലുകളിലൂടേയും കോടതി വിധികളിലൂടേയും കൂടുതൽ മൽസരാർത്ഥികളെ വിവിധ ഇനങ്ങളിൽ മൽസരത്തിൽ പങ്കെടുപ്പിക്കേണ്ടിവരുന്നതുകൊണ്ട് മൽസരങ്ങൾ പലപ്പോഴും അർദ്ധരാത്രി കഴിഞ്ഞും തീർക്കാൻ പറ്റാറില്ല. രാത്രി 12 മണിക്കുശേഷം മൽസരങ്ങൾ നടത്തുവാൻ പാടില്ലെന്ന കോടതി നർദ്ദേശവും നിലവിലുണ്ട്. ഈ സാഹചര്യത്തിൽ യുവജനോൽസവത്തോടൊപ്പം ഹിന്ദി കലോൽസവം കൂടി നടത്തുന്ന കാര്യം പ്രായോഗികമല്ല.

(ബി) സംസ്ഥാന സ്കൂൾ യുവജനോൽസവത്തിൽ ഹിന്ദി പദ്യം ചൊല്ലൽ എന്ന ഒരു മൽസരം ഇനം ഇപ്പോൾ നിലവിലുണ്ട്. കൂടുതൽ ഇനങ്ങൾ ഉൾപ്പെടുത്തുവാൻ ഇപ്പോൾ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly